## 1220

*രീതി: എന്നോടുള്ള നിൻ*

1 ഇന്നീയുഷസ്സിൽ നിന്റെ വന്മഹത്ത്വം കാണ്മാൻ
തന്ന കൃപയ്ക്കനന്ത വന്ദനമേ-കാണ്മാൻ

2 ദോഷമെഴാതെയെന്നെ പൂർണ്ണമായ് കാത്തു നീ
രാത്രി മുഴുവനും വൻ കാരുണ്യത്താൽ-ഘോര

3 എല്ലാ വഴിയിലും നിൻ ആത്മസാന്നിദ്ധ്യവും
ദിവ്യപ്രകാശവും നീ നൽകിടേണം-ഇന്നു

4 സംഖ്യയില്ലാ ജനങ്ങൾ കണ്ണീർ പൊഴിക്കുന്നു
ഞങ്ങൾ പാടുന്നു ദിവ്യ പാലനത്താൽ-ഇന്നും

5 മുമ്പേ നിൻ രാജ്യവും നിൻ നീതിയും തേടുവാൻ
എന്നാത്മനാഥനേ! നീ പാലിക്കേണം-എന്നും

6 മൃത്യുവിൻ നാൾവരെയും നിൻ മഹത്ത്വത്തിന്നായ്
ഭക്തിയിൽ പൂർണ്ണനായി കാത്തിടേണം-എന്നെ

7 ദുഷ്ടഭുവനമിതിൻ കഷ്ടതയൊക്കെയും
തീർത്തുതരും നിൻരാജ്യം കാംക്ഷിക്കുന്നേൻ-വേഗം **P.P.G.**